(ഇ) പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുമോ?

ഉത്തരം

(എ)&(ബി) എല്ലാ പഞ്ചായത്ത് മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും വൃദ്ധസദനങ്ങൾ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പത്തനംതിട്ട ജില്ല ഒഴികെ മറ്റു ജില്ലകളിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ അനാഥരായ വൃദ്ധരുടെ സംരക്ഷണത്തിനായി വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി)&(ഡി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ധനസഹായത്തിനുള്ള അപേക്ഷ ശുപാർശചെയ്യുക മാത്രമാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്. ഈ പദ്ധതിപ്രകാരം പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും വൃദ്ധസദനങ്ങൾ നടത്തുന്നതിന് 30 ലക്ഷം രൂപവരെ ധനസഹായം ലഭിക്കും. സംഘടനകൾക്ക് ധനസഹായം കേന്ദ്രത്തിൽനിന്നും നേരിട്ടാണ് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ വഴിയല്ല. അതിനാൽ ധനസഹായം കൈപ്പറ്റുന്ന സംഘടനകളുടെ ലിസ്റ്റ് സർക്കാരിൽ ലഭ്യമല്ല.

(ഇ) ഇത്തരം പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നില്ല. എന്നാൽ യുക്തമായ അപേക്ഷ ലഭിക്കുന്നപക്ഷം കേന്ദ്ര സഹായത്തിനായി ശുപാർശ ചെയ്യാൻ കഴിയും.

291 (1470) ഫാമിലി കൗൺസിലിംഗ് സെന്ററുകൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃദ്ധജനങ്ങളുടേയും അഗതികളായ സ്ത്രീകളുടേയും ക്ഷേമത്തിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇപ്പോൾ സർക്കാർ അധീനതയിൽ വൃദ്ധസദനങ്ങൾ എവിടെ എല്ലാം പ്രവർത്തിക്കുന്നു;

(സി) ഫാമിലി കൗൺസിലിംഗ് സെന്ററുകൾ ഇപ്പോൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു;

(ഡി) വർദ്ധിച്ചുവരുന്ന ആത്മഹത്യാനിരക്ക് കുറയ്ക്കുന്നതിന് ഈ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാധു വൃദ്ധജനങ്ങളുടെ പുനരധിവാസം, പരിപാലനം, സംരക്ഷണം എന്നിവ ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പത്തനംതിട്ട ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പത്തനംതിട്ട ജില്ലയിലും വൃദ്ധസദനം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വൃദ്ധസദനങ്ങളിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 250 രൂപയും, വസ്ത്രം, കിടക്ക, മരുന്ന് എന്നിവയ്ക്കായി പ്രതിവർഷം 200 രൂപയും സർക്കാർ അനുവദിച്ചുവരുന്നു. ഇതുകൂടാതെ ഓരോജില്ലയിലും ഓരോ വൃദ്ധസദനങ്ങൾ തുടങ്ങുന്നതിനുവേണ്ടി കെട്ടിടം

LIBRARY ARCHIVES Kerala Legislative Assembly

പണിയുന്നതിന് 30 ലക്ഷം രൂപ വരെ അനുവദിക്കുന്ന ഒരു കേന്ദ്ര സർക്കാർ സഹായപദ്ധതിയും നിലവിലുണ്ട്. സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന 82 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾക്ക് ആളൊന്നിന് പ്രതിമാസം 100 രൂപ പ്രകാരം ധനസഹായം നൽകുന്നുണ്ട്.

അഗതികളായ സ്ത്രീകളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി വയനാട്, ഇടുക്കി ജില്ലാകളൊഴികെ മറ്റെല്ലാ ജില്ലകളിലും 12 മഹിളാ മന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നു. കുടുംബകലഹംമൂലം പ്രതിസന്ധിയിലായ സ്ത്രീകൾക്ക് താൽക്കാലിക സംരക്ഷണം നൽകുന്നതിലേയ്ക്കായി കോഴിക്കോട് ഒരു ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം എറണാകുളം എന്നീ സ്ഥലങ്ങളിൽ അഗതികളും വികലാംഗരുമായ സ്ത്രീകളുടെ സംരക്ഷണത്തിനായി ഓരോ ഭവനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(സി) സമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന്റെ കീഴിൽ എല്ലാ ജില്ലകളിലുമായി 31 ഫാമിലി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഫാമിലി കൗൺസിലിംഗ് സെന്ററുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

292 (1471) അന്ധ-ബധിര-മൂക വിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതികൾ

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ അന്ധ-ബധിര-മൂക വിഭാഗങ്ങളുടെ ഉന്നമനത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) അന്ധ-ബധിര-മൂക വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും മന്ദബുദ്ധി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും നൽകിവരുന്ന ബോർഡിംഗ് ഗ്രാന്റ്, മെസ് അലവൻസ് എന്നിവ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സമൂഹത്തിലെ അന്ധ-ബധിര-മൂക വിഭാഗങ്ങളുടെ ഉന്നമനത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.
2. വികലാംഗർക്ക് തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റ്റൈപ്പന്റ് പദ്ധതി.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly